ആരോഗ്യ വകുപ്പിലെ ലെപ്രസി ഇൻസ്പെക്ടർ

155 (3084)ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഷ്ഠരോഗ ബാധിതർ വേണ്ടത്ര പരിചരണം ലഭിക്കാതെ കഷ്ടപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിൽ നിലവിൽ ഒഴിഞ്ഞു കിടക്കുന്ന ലെപ്രസി ഇൻസ്പെക്ടർ തസ്തികകൾ എത്ര;

(ഡി) ഒഴിവുള്ള ലെപ്രസി ഇൻസ്പെക്ടർ തസ്തികകളിലേക്ക് എത്രയുംവേഗം നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) കുഷ്ഠരോഗ ബാധിതരുടെ എണ്ണം സംസ്ഥാനത്ത് 10,000-ന് ഒന്നിൽ താഴെ എന്ന നിരക്കിലെത്തിയിട്ടുണ്ട്. അതിനാൽ കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ജനറൽ ഹെൽത്ത് വിഭാഗത്തിലുള്ള ജീവനക്കാരെ പരിശീലിപ്പിച്ച് രോഗബാധിതരെ കണ്ടുപിടിച്ച് ചികിത്സിക്കുന്നതിനുള്ള സംവിധാനങ്ങൾ ഇന്ത്യാഗവണ്മെന്റ് വിഭാവനം ചെയ്തുവരികയാണ്. ഇന്നു നിലവിലുള്ള ലെപ്രസി ഇൻസ്പെക്ടർ തസ്തികകളിലെ ഒഴിവുകൾ നികത്താതെ ട്രെയിനിംഗ് കിട്ടിയ മൾട്ടി പർപ്പസ് ആരോഗ്യ പ്രവർത്തകർക്ക് അവരുടെ മറ്റ് ജോലികളോടൊപ്പം കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കൂടി നടത്തുവാനുള്ള ട്രെയിനിംഗ് നൽകി അവരെകൂടി പ്രാപ്തരാക്കി കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

സർക്കാർ ആശുപത്രികളിലെ ഫാർമസിസ്റ്റുകളുടെ ഒഴിവ്

156 (3085)ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ ഫാർമസിസ്റ്റുകളുടെ അനുപാതം നിജപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അത് എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ ആകെ എത്ര ഫാർമസിസ്റ്റുകൾ ഉണ്ട്; ഗ്രേഡ് തിരിച്ച് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് നിലവിലുള്ള ഫാർമസിസ്റ്റ് ഒഴിവുകൾ എത്ര; ഒഴിവുള്ള ഫാർമസിസ്റ്റ് തസ്തികകൾ നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അനുപാതം നിജപ്പെടുത്തിയിട്ടില്ല.

(ബി) 1762 ഫാർമസിസ്റ്റുകൾ ഗ്രേഡ് അനുപാതം ഇപ്പോൾ നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly